**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1242** **14-03-2022 - ൽ മറുപടിയ്ക്ക്**

**ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ടൂറിസം പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ടൂറിസം വകുപ്പ് വിനോദസഞ്ചാര മേഖലയിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഡെസ്റ്റിനേഷൻ ചലഞ്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇനിയും കണ്ടെത്താത്ത ടൂറിസം സാധ്യതയുള്ള പ്രദേശങ്ങൾ നിലവിലുണ്ട്. ഇത്തരം ടൂറിസം സാധ്യതയുള്ള സ്ഥലങ്ങളെ കണ്ടെത്തി അവയെ മികവുറ്റ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുവാൻ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി 'ഡെസ്റ്റിനേഷൻ ചലഞ്ച്' എന്ന പേരിൽ ഒരു ടൂറിസം പദ്ധതി വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി 50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) ടൂറിസം വകുപ്പ് നൽകുന്നതാണ്. ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺട്രോതുരുത്ത്, കൊട്ടാരക്കര മീൻപിടിപ്പാറ, മുട്ടറമരുതിമല, ജടായുപാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ കോർത്തിണക്കി നടപ്പിലാക്കുന്ന സർക്യൂട്ട് പദ്ധതിയാണിത്. ഈ പദ്ധതി നിലവിൽ വന്നാൽ കായലും കടലും ഭംഗിയുള്ള തോടുകളും തുരുത്തുകളും മലയോരവും തേയിലത്തോട്ടവുമുള്ള കൊല്ലം ജില്ലയിലെ വിനോദസഞ്ചാര മേഖലയിൽ പുത്തൻ ഉണർവുണ്ടാകും. മലബാർ ലിറ്ററി സർക്യൂട്ട് മലബാർ മേഖലയിലെ സാഹിത്യ-സാംസ്കാരിക കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മലബാർ ലിറ്ററി സർക്യൂട്ട് എന്ന പേരിൽ ഒരു ടൂറിസം പദ്ധതിക്ക് രൂപം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. മലയാള സാഹിത്യത്തിലെ അതികായൻമാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ വി വിജയൻ, എം.ടി. വാസുദേവൻ നായർ എന്നിവരിലൂടെ പ്രശസ്തി നേടിയ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രാക്ക്, ഭാരതപ്പുഴയുടെ തീരങ്ങൾ, കൂടാതെ പൊന്നാനി, തൃത്താല എന്നീ സ്ഥലങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. കാരവൻ ടൂറിസം കേരളത്തിലെ അധികം അറിയപ്പെടാത്ത ടൂറിസം കേന്ദ്രങ്ങളിൽ കാരവൻ ടൂറിസം പദ്ധതിയ്ക്കും സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തെ അദ്യത്തെ കാരവൻ പാർക്ക് വാഗമണ്ണിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. മറ്റ് വകുപ്പുകൾ നല്ലനിലയിൽ പിന്തുണച്ചത് കാരവൻ ടൂറിസം വികസിക്കുന്നതിന് സഹായകരമായി. |
| (ബി) | തിരൂർ നിയോജക മണ്ഡലത്തിൽ ഏതെങ്കിലും ടൂറിസം പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ? | (ബി) | തിരൂർ നിയോജകമണ്ഡലത്തിൽ നിലവിൽ പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല. ലിറ്ററി സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി തിരൂരുള്ള തുഞ്ചത്ത് എഴുത്തച്ചൻ സ്മാരകവും ഉൾപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ